## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 31 — 18.03.2013-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | 2011 സെപ്റ്റംബർ 22, 23 തീയതികളിൽ വിവിധ കേന്ദ്രമന്ത്രിമാരുമായി ന്യൂഡൽഹിയിൽ മുഖ്യമന്ത്രി നടത്തിയ ചർച്ചകളിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; | **(എ) യും (ബി) യും (സി) യും**<br>2011 സെപ്റ്റംബർ 22, 23 തീയതികളിൽ വിവിധ കേന്ദ്രമന്ത്രിമാരുമായി ചർച്ച നടത്തുകയും നിവേദനം നൽകുകയുമുണ്ടായി. പ്രസ്തുത നിവേദനം പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം പല ആനുകൂല്യങ്ങളും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.<br>അപ്രകാരം അനുവദിക്കപ്പെട്ടവ ഇവയാണ്. കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL ഉം SAIL യുമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്നും തിരുവനന്ത പുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർ ഫോഴ്സിന്റെ പഴയ വിമാനം അനുവദി ക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക |
| (ബി) | ഓരോ കേന്ദ്രമന്ത്രിമാരുമായും നടത്തിയ ചർച്ചയിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | |
| (സി) | ഇവയിൽ ഇതിനകം നടപ്പിലാക്കിയത് ഏതെല്ലാമാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; നടപ്പാക്കാൻ അവശേഷിക്കുന്ന തീരുമാനങ്ങൾ എന്തെല്ലാമാണ് ? | |

| | | | |
|---|---|---|---|
| | | | അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പേർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ അനുവദിച്ച പല പദ്തികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി-മെട്രോ റയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണിതുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവ്വർ പ്ളാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL ഉമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം ' Kerala GAIL Gas Limited Company' ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ്ലൈൻ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ